## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1267

03.12.2015 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട് ; | (എ) സർക്കാർ സംസ്ഥാനത്ത് 7888.4171 ഏക്കർ ഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്. |
| (ബി) ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള തുക എത്ര കോടിയാണ് ; യഥാസമയം വാടക പിരിച്ചെടുക്കാത്തത് മൂലം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് സി. ആൻറ് എ.ജി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) 58,11,18,993/-(അൻപത്തി എട്ട് കോടി പതിനൊന്ന് ലക്ഷത്തി പതിനെണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് രൂപ) . 2013 മാർച്ച് 31 വരെ 60.18 കോടി പാട്ടകുടിശ്ശികയുള്ളതായി കംപ്-ട്രോളർ & ഓഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) പാട്ടകാലാവധി കഴിഞ്ഞിട്ടും സർക്കാരിന് തിരിച്ച് നൽകിയിട്ടില്ലാത്ത കേസുകൾ എത്രയാണ്; ഇപ്രകാരം എത്ര ഏക്കർ ഭൂമി തിരിച്ച് പിടിക്കേണ്ടതായിട്ടുണ്ട്; വിശദമാക്കാമോ; | (സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും സർക്കാരിന് തിരിച്ച് നൽകിയിട്ടില്ലാത്ത 2129 കേസുകൾ നിലവിലുണ്ട്.ഇപ്രകാരം 1231.4562 ഏക്കർ ഭൂമി തിരിച്ച് പിടിക്കേണ്ടതായിട്ടുണ്ട്. |
| (ഡി) സർക്കാർ ഭൂമിയുടെ പാട്ടവാടക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എപ്പോഴാണ്; പ്രസ്തുത നിരക്ക് വർദ്ധിപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) പാട്ടനിരക്ക് ഏറ്റവുമൊടുവിൽ പുതുക്കിയത് 14.05.2004-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ.126/2004/ആർ.ഡി പ്രകാരമാണ്. പാട്ടവാടക നിരക്ക് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ചിന്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**